**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5656** **24-03-2025 - ൽ മറുപടിയ്ക്ക്**

**നിർത്തലാക്കപ്പെട്ട റേഷൻ കടകൾ തുറക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ കാരണങ്ങളാൽ സംസ്ഥാനത്ത് നിർത്തലാക്കിയ റേഷൻ കടകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | ലൈസൻസി നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപ് പോർട്ടബിലിറ്റി സംവിധാനം ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് റേഷൻ വിതരണം സുഗമമായി നടത്താൻ കഴിയുമോയെന്നും പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സാമ്പത്തികമായി പ്രായോഗികം ആണോ എന്നും പരിശോധിച്ച് വളരെ അത്യാവശ്യം ഉള്ള കടകളുടെ വിവരങ്ങൾ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരിൽ നിന്നും ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ സൌകര്യപ്രദമായ ഏത് റേഷൻകടയിൽ നിന്നും കാർഡുടമയ്ക്ക് റേഷൻ വിഹിതം ലഭ്യമാകുന്ന പോർട്ടബിലിറ്റി സംവിധാനം നിലവിലുള്ളതിനാൽ, പോർട്ടബിലിറ്റി സംവിധാനം പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ മാത്രമേ റേഷൻകടകൾ പുതുതായി അനുവദിക്കേണ്ടതുള്ളു എന്നാണ് സർക്കാർ നിലപാട്. |
| (ബി) | പ്രസ്തുത റേഷൻ കടകൾ അവയുടെ കുറവുകൾ പരിഹരിച്ച്, അത് നടത്തിയിരുന്നവർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ തന്നെ അവയുടെ ലൈസൻസ് തിരികെ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദമാക്കുമോ? | (ബി) | കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണം) ഉത്തരവ് 2021 (KTPDS)-ന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ലൈസൻസ് നൽകുന്നത്. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു മാത്രമേ ലൈസൻസ് അനുവദിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ